പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 105

23.01.2018 ൽ മറുപടിക്ക്

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ, പാസഞ്ചർ ടെർമിനലുകൾ, പാർക്കിംഗ് ഏര്യ തുടങ്ങിയവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | (എ) റൺവെയും ഏപ്രണും ( വിമാന പാർക്കിംഗ് ഏരിയ) 100% പൂർത്തിയായി. 07 RE Wall ഉം അനുബന്ധപ്രവൃത്തികളായ ചുറ്റുമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്ക് മുതലായ പ്രവൃത്തികൾ 2018 ഫെബ്രുവരി അവസാനത്തോടു കൂടി പൂർത്തിയാകും.<br>പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും 95% പൂർത്തിയായി. പാസഞ്ചർ ടെർമിനൽ ബിൽഡിംഗ് പ്രവൃത്തി (ടെസ്റ്റിംഗും കമ്മിഷനിംഗും ഉൾപ്പെടെ) 2018 ജനുവരി 31 നകം പൂർത്തിയാകും. |
| (ബി) വിവിധ പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണം കഴിഞ്ഞ് സർവസജ്ജമായ കണ്ണൂർ വിമാനത്താവളത്തിന്റെ സുരക്ഷാ പരിശോധനകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) സെക്യൂരിറ്റി കമ്മിറ്റി 2017 ഏപ്രിൽ 20 നും 21നും യോഗം ചേരുകയും സി.ഐ.എസ്.എഫ്. എത്ര ഉദ്യോഗസ്ഥരെ നിയമിക്കണം എന്നും തീരുമാനിച്ചിട്ടുണ്ട്. ഡി ജി സി എ , ബി സി എ എസ് , എയർപോർട്ട് അതോറിറ്റി തുടങ്ങിയ ഏജൻസികളുടെ അന്തിമ സംയുക്ത സുരക്ഷാ പരിശോധന 2018 ഏപ്രിലിൽ തന്നെ പൂർത്തിയാകും. |
| (സി) വിമാനത്താവളത്തിന്റെ ആരംഭഘട്ടത്തിൽ ഏതെല്ലാം ആഭ്യന്തര സർവ്വീസുകളും ഏതെല്ലാം വിദേശ സർവ്വീസുകളും ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിമാന കമ്പനികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (സി) കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ആരംഭിക്കും. ഇൻഡിഗോ, സ്പൈസ് ജെറ്റ് മുതലായ വലിയ വിമാനക്കമ്പനികൾ തിരുവനന്തപുരം, ഗോവ, ചെന്നൈ, ബാംഗ്ലൂർ, ഹിൻഡൻ (ഗാസിയാബാദ്), കൊച്ചി, ന്യൂഡൽഹി എന്നീ നഗരങ്ങൾ ഉൾപ്പെടെ ഏകദേശം 10 ഓളം റൂട്ടുകളിലായി 20 ഓളം വിമാന സർവ്വീസുകൾ ആരംഭിക്കാൻ നടപടികൾ നടന്നു വരികയാണ്. അവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. |

1. ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ്
2.ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
3.ഹിൻഡനിൽ (ഗാസിയാബാദ്) നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
4.ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ്
5. ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
6. ഹുബ്ലിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
7.ഡൽഹിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ് ജെറ്റ്
8.ഗോവയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
9.കൊച്ചിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
10.തിരുവനന്തപുരത്ത് നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

2 ഇൻഡ്യൻ വിമാന കമ്പനികൾക്ക് അതായത്, ജെറ്റ് എയർവേയ്സിനും, ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും യഥാക്രമം, ദമാമിലേയ്ക്കും, അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അന്താരാഷ്ട്ര വ്യോമ ഗതാഗത അനുമതി ലഭിച്ചിട്ടുണ്ട്. എയർ ഇൻഡ്യ എക്സ്പ്രസ് ആറ് ഗൾഫ് രാജ്യങ്ങളിലേയ്ക്കായി ഫ്ലൈറ്റുകൾ സർവ്വീസ് നടത്തുന്നതിനായി പ്ലാൻ ചെയ്തിട്ടുണ്ട്. എയർ ഇൻഡ്യ, എമിറേറ്റ്സ്, ഖത്തർ എയർവേയ്സ്, ഇത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ളൈ ദുബൈ, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേയ്സ്, ടൈഗർ എയർവേയ്സ് മുതലായ വിമാന കമ്പനികളും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും സർവ്വീസ് നടത്താനുള്ള അന്തിമ ചർച്ച നടന്നു വരുകയാണ്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ